*എൻ(2)/46644/2018/ഡി.പി.ഐ*

പൊതുവിദ്യഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി, 01/09/2018

## സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം -- പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ജനവിഭാഗങ്ങളെ "ദളിതർ" എന്ന് വിശേഷിപ്പിക്കാൻ പാടില്ല - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1) സർക്കാർ സർക്കുലർ നമ്പർ എ(3)/93/2018/SC ST DD തീയതി, 02/05/18
2) കേന്ദ്ര സാമൂഹിക നീതി മന്ത്രാലയത്തിന്റെ കത്ത് നമ്പർ 12017/02/2018 - SCD തീയതി, 15/03/2018

***

രാജ്യത്തെ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ജനവിഭാഗങ്ങളെ സർക്കാർ പ്രസിദ്ധീകരണങ്ങൾ, അച്ചടി, വിവിധ സർട്ടിഫിക്കറ്റുകൾ, കത്തിടപാടുകൾ തുടങ്ങിയ സർക്കാർ രേഖകളിൽ 'ദളിതർ' എന്ന് വിശേഷിപ്പിക്കുവാനോ, പരാമർശം നടത്തുവാനോ പാടുള്ളതല്ല എന്ന് സൂചനകൾ പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട അച്ചടി/പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, രജിസ്റ്ററുകൾ, അപേക്ഷകൾ, കത്തിടപാടുകൾ, വിവിധ സർട്ടിഫിക്കറ്റുകൾ തുടങ്ങിയ ഔദ്യോഗിക കാര്യങ്ങളിൽ 'ദളിതർ' എന്ന് പ്രയോഗിക്കാൻ/പ്രസ്താവിക്കാൻ പാടുള്ളതല്ല. ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഭരണഘടനയിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം "Scheduled Caste" എന്ന് പ്രസ്താവിക്കുകയോ, സൂചനകളിൽ പരാമർശിക്കുന്ന പ്രകാരം മലയാളത്തിൽ "പട്ടികജാതി" എന്നും മറ്റ് പ്രാദേശിക/ന്യൂനപക്ഷ ഭാഷകളിൽ സമാന അർത്ഥമുള്ള വാക്ക്/പേര് ഉപയോഗിച്ചോ പ്രസ്താവിക്കേണ്ടതാണ് എന്ന വിവരം എല്ലാ ഓഫീസ് മേധാവികളേയും അറിയിക്കുന്നു.

DIRECTORATE OF PUBLIC INSTRUCTION
THIRUVANANTHAPURAM-14

JIMMY K. JOSE
Addl. Director of Public Instruction (Academic)
Directorate of Public Instruction
Thiruvananthapuram-14

*ജിമ്മി. കെ. ജോസ്*
*പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ*
*പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി*

*സ്വീകർത്താവ്:-*

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

(മറുപുറം)

*പകർപ്പ് :-*

1. ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, പൂജപ്പുര
2. ഡയറക്ടർ, എസ്.ഐ.ഇ.റ്റി, തിരുവനന്തപുരം
3. ഡയറക്ടർ, സീ-മാറ്റ്, തിരുവനന്തപുരം
4. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
5. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
6. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
7. സീനിയർ ലോ ഓഫീസർ
8. ജോയിന്റ് ഡയറക്ടർ
9. സെക്രട്ടറി, പരീക്ഷാ ഭവൻ, പൂജപ്പുര
10. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര
11. സംസ്ഥാന പാഠപുസ്തക ഓഫീസർ, ഷോർട്ട്, തിരുവനന്തപുരം
12. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
13. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
14. എല്ലാ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
15. എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗികാരമുള്ള പ്രൈവറ്റ് സ്കൂൾ പ്രഥമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർ മുഖേന)
16. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും
17. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ എല്ലാ യൂണിറ്റ് ഓഫീസർമാർക്കും, സെക്ഷൻ സൂപ്രണ്ടുമാർക്കും